# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1485 13/06/2014-ൽ മറുപടിയ്ക്ക്

## കേരസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, പാലോട് രവി<br>,, ആർ. സെൽവരാജ്<br>,, വി. പി. സജീന്ദ്രൻ | **ശ്രീ . കെ.പി.മോഹനൻ**<br>**(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 'കേരസമൃദ്ധി' എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ : | എ) ഉണ്ട്.<br>തെങ്ങുകയറാൻ ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിന് പരിഹാരമായി ഉയരം കുറഞ്ഞ കുറിയ ഇനം തെങ്ങുകളുടെയും സങ്കരയിനം തെങ്ങുകളുടെയും കൃഷി വ്യാപിപ്പിക്കുന്നതിനാണ് "കേര സമൃദ്ധി" എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) 1. ഉയരം കുറഞ്ഞ കുറിയ ഇനം തെങ്ങുകളുടെയും സങ്കരയിനം തെങ്ങുകളുടെയും കൃഷി വ്യാപിപ്പിക്കുക.<br>2. നാളികേരത്തിന്റെ ഉൽപാദനവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക.<br>3. നാളികേരത്തിന്റെ വിളവെടുപ്പ് അനായാസമായി തൊഴിലാളി ദൗർലഭ്യം മൂലമുണ്ടായിട്ടുള്ള പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കുക.<br>4. ഇളനീർ വ്യവസായവും, നീര ഉൽപാദനവും മെച്ചപ്പെടുത്തുക.<br>5. കേര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക. |
| സി) നാളികേര വികസനത്തിനും കേര സുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) 1. കുറിയ ഇനം തെങ്ങിന്റെ മേൽത്തരം മാതൃ വൃക്ഷങ്ങൾ കണ്ടെത്തി അവയിൽ നിന്നും വിത്തു തേങ്ങ സംഭരിച്ച് കുറിയ ഇനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക.<br>2. ഡി X റ്റി സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക.<br>3. തെരഞ്ഞെടുത്ത കൃഷി വകുപ്പ് ഫാമുകളിൽ മേൽത്തരം കുറിയ ഇനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിച്ച് മാതൃ വൃക്ഷത്തോട്ടങ്ങൾ സ്ഥാപിക്കുക. |

4. കുറിയ ഇനം തെങ്ങുകളുടെ ജനിതക ശേഖരം തെരഞ്ഞെടുത്ത കൃഷി വകുപ്പ് ഫാമുകളിൽ ഉണ്ടാക്കുക.
5. നാളികേര ഉൽപാദനത്തിൽ മികവ് പുലർത്തുന്ന മറ്റു രാജ്യങ്ങളിൽ നിന്നും കുറിയ ഇനം വിത്ത് നാളികേരം ഇറക്കുമതി ചെയ്യുക.
6. സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കുന്നതിൽ വിദഗ്ദ്ധരായ തൊഴിൽ സേനയെ വാർത്തെടുക്കുക.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ഡി) | മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കൃഷി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**